# പതിനാലാം കേരള നിയമസഭ
## ഇരുപത്തിരണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.165

12-01-2021 - ൽ മറുപടിയ്ക്ക്

## കാലടി ഫയർ സ്റ്റേഷൻ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.റോജി എം.ജോൺ** | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| എ) അങ്കമാലി നിയോജക മണ്ഡലത്തിലെ കാലടി കേന്ദ്രീകരിച്ച് ഫയർസ്റ്റേഷൻ ആരംഭിക്കുന്നതിന് അംഗീകാരം നൽകിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ; | എ) നൽകിയിട്ടില്ല. |
| ബി) ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള സ്ഥലം സൗജന്യമായി വിട്ടുനൽകുവാൻ സന്നദ്ധത അറിയിച്ചുള്ള കത്ത് കാലടി സംസ്കൃത സർവ്വകലാശാല സർക്കാരിന് ലഭ്യമാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | ബി) ഉണ്ട്. കാലടിയിൽ ഒരു ഫയർ സ്റ്റേഷൻ നിർമ്മിക്കുന്നതിന് ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാലയുടെ 30 സെന്റ് സ്ഥലം ഫയർ & റെസ്ക്യൂ വകുപ്പിന് വിട്ടു നൽകാൻ ശ്രീശങ്കരാചാര്യ സംസ്കൃത സർവ കലാശാല സമ്മതമറിയിച്ചിട്ടുണ്ട്. |
| സി) പ്രസ്തുത ഫയർ സ്റ്റേഷൻ എന്ന് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | സി) പുതുതായി ആരംഭിക്കേണ്ട ഫയർ സ്റ്റേഷനുകൾ സംബന്ധിച്ച് വകുപ്പ് മേധാവി തയ്യാറാക്കി സമർപ്പിച്ച മുൻഗണനാ പട്ടിക സർക്കാർ പരിശോധിച്ചു വരുന്നു. ആയതിൽ ഉൾപ്പെടുന്നപക്ഷം ഭരണാനുമതി, ഫണ്ടിന്റെ ലഭ്യത, സ്ഥലത്തിന്റെ ലഭ്യത എന്നിവയ്ക്ക് വിധേയമായി ഫയർസ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ